# JACOBITE SYRIAN CHRISTIAN CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

**BASELIOS THOMAS I**
CATHOLICOSE AND METROPOLITAN TRUSTEE
PATRIARCH IGNATIUS ZAKKA I IWAS CENTRE
(PATRIARCHAL CENTRE)
PUTHENCRUZ, ERNAKULAM, KERALA, INDIA
PIN- 682 308
PHONE: 0484 - 2732804 (Office)
0484 - 2732603, 2733200 (Personal)
Fax : 0484 - 2732804
E-mail : bavathirumeni@rediffmail.com
patriarchalcentre@yahoo.com

CATHOLICATE ARAMANA
MOUNT SINAI
COLLEGE P.O., KOTHAMANGALAM
KERALA, INDIA, PIN - 686 691
PHONE : OFFICE : 0485 - 2822485
PERSONAL : 0485 - 2822101
FAX : 0485 - 2822101

Date.............................

**പ്രസിദ്ധീകരണാർത്ഥം**

പുത്തൻകുരിശ് : ഇൻഡ്യൻ ഓർത്തഡോക്സ് സഭാംഗമായിരുന്ന ടി.എം. വറുഗീസിന്റെ മരണവുമായി ബന്ധപ്പെട്ട് യാക്കോബായ സുറിയാനി സഭയെ അപകീർത്തിപ്പെടുത്തുവാനായി ഇൻഡ്യൻ ഓർത്തഡോക്സ് സഭാനേതൃത്വം ബോധപൂർവ്വം നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന ദുഷ്പ്രചാരണങ്ങളിൽ യാക്കോബായ സഭാനേതൃത്വം ശക്തമായി പ്രതിഷേധിച്ചു. യാക്കോബായ സുറിയാനി സഭ എല്ലായ്പ്പോഴും സമാധാനത്തിനുവേണ്ടി നിലകൊള്ളുന്നു.

ടി.എം. വർഗീസ് കൊലപാതകം സംബന്ധിച്ച് സി.ബി.ഐ ബഹു. കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നു. ബഹു. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായ പ്രകടനങ്ങൾ പാടില്ല എന്ന് പരി.സഭ കരുതുന്നു. നിയമം നീതിപൂർവ്വമായി നടത്തപ്പെടട്ടെ.പരിശുദ്ധ സഭയിലെ ഒരു വൈദീകനും ഇതുപോലുള്ള ഹീനകൃത്യങ്ങൾക്ക് കൂട്ട് നിൽക്കുമെന്ന് സഭ കരുതുന്നില്ല.

യാക്കോബായ സഭയുടെയും സഭാപിതാക്കന്മാരുടേയും നേരെയുള്ള ഇൻഡ്യൻ ഓർത്തഡോക്സ് സഭാനേതൃത്വത്തിൽപ്പെട്ടവരുടെ വില കുറഞ്ഞ ആരോപണങ്ങളും അടിസ്ഥാനമില്ലാത്ത ദുഷ്പ്രചരണങ്ങളും അവജ്ഞയോടെ തള്ളിക്കളയുന്നതായി യോഗം പ്രഖ്യാപിച്ചു. അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകൃതമാകാത്തതിന്റെ നിരാശയാണ് ഈ ജൽപനങ്ങൾ എന്ന് യോഗം വിലയിരുത്തി.

സഭാ നേതൃത്വത്തിന് എതിരായി സത്യമല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് യാക്കോബായ സഭയെ തകർക്കാമെന്ന വ്യാമോഹം വിലപ്പോകുകയില്ല. യാക്കോബായ സുറിയാനി സഭയുടെ വളർച്ചയും സഭയ്ക്ക് സമൂഹത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗീകാരവും ഇല്ലാതാകുവാൻ നടത്തുന്ന എതു നീക്കങ്ങളേയും ശ്രേഷ്ഠ കാതോലിക്കാബാവായുടെ അചഞ്ചലമായ നേതൃത്വത്തിൻ കീഴിൽ ഒറ്റക്കെട്ടായി നിന്ന് നേരിടുമെന്ന് യോഗം വ്യക്തമാക്കി.

യാക്കോബായ സഭാ വിശ്വാസികളുടെ വിശ്വാസ തീക്ഷ്ണതയെക്കുറിച്ചുള്ള അജ്ഞതയാണ് ഓർത്തോഡോക്സ് സഭയിൽപ്പെട്ട ചിലരുടെ ഈ അബദ്ധ പ്രസ്താവനകളെന്ന് യോഗം വിലയിരുത്തി.സത്യവിശ്വാസികളുടെ സമൂഹമാണ് യാക്കോബായ സുറിയാനി സഭ. അവരുടെ മതവിശ്വാസത്തെ വ്രണപ്പെടുത്തുന്ന പ്രസ്താവന നടത്തിയവർക്കെതിരെ കൈക്കൊള്ളേണ്ട നിയമ നടപടികൾ യോഗം ചർച്ച ചെയ്തു.

സി.ബി.ഐ യുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബിനുവിന്റെ ദാരുണമായ മരണം സംബന്ധിച്ച് കൂടുതൽ അന്വേഷണം വേണ്ടിവരുമെന്ന് കരുതുന്നതായി യോഗം അഭിപ്രായപ്പെട്ടു.

പാത്രിയർക്കാസെന്റർ
പുത്തൻകുരിശ് .
12/05/2010

തമ്പു ജോർജ് തുകലൻ
സഭാസെക്രട്ടറി